**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 8281

17.07.2014-ലെ മറുപടിയ്ക്ക്

**ആലപ്പുഴ ജില്ലയിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) **അരൂർ മണ്ഡലം:-** മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി അരൂക്കുറ്റിയിൽ ഹൗസ് ബോട്ട് ടെർമിനൽ നിർമ്മിക്കുന്നതിനും തഴപ്പിൽ മൈക്രോഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>**ചേർത്തല മണ്ഡലം:-** മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി അർത്തുങ്കലിൽ ബീച്ച് നവീകരണം നടന്ന് വരുന്നു. തണ്ണീർമുക്കത്ത് ഹൗസ് ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>**ആലപ്പുഴ മണ്ഡലം:-** മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പുന്നമടയിലെ ടൂറിസം ടെർമിനൽ വികസനവും വാടായിക്കനാൽ, കൊമേഴ്സ്യൽ കനാൽ തുടങ്ങിയവയുടെ നവീകരണവും ടൂറിസം പാക്കേജ് എന്ന നിലയിൽ ആലപ്പുഴയിലെ പൈതൃക കെട്ടിടങ്ങളുടെയും നിരത്തുകളുടെയും സംരക്ഷണവും വികസനവും നടന്നു വരുന്നു. പുന്നമട ഫിനിഷിംഗ് പോയ്ന്റിൽ ജവഹർലാൽ നെഹ്റുവിന്റെ പ്രതിമ സ്ഥാപിക്കുകയും സ്ഥിരം ഗാലറിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ പുന്നമട ഫിനിഷിംഗ് പോയിന്റിൽ ഹൗസ് ബോട്ട് |

ടെർമിനൽ കോംപ്ലക്സിന്റെ പരിസരം ലാൻഡ് സ്കേപ്പിംഗ് നടത്തി ഭംഗിയാക്കുന്ന ജോലിയും പൂർത്തീകരിച്ചു. പൂങ്കാവ് പള്ളിയോട് ചേർന്നുള്ള കോസ്റ്റൽ ഹെറിറ്റേജ് മ്യൂസിയം പൂർത്തിയായി. ആലപ്പുഴ ബീച്ചിലെ നടപ്പാത വൈദ്യുതീകരിച്ച് വിളക്കുകൾ സ്ഥാപിച്ചു.

<u>അമ്പലപ്പുഴ മണ്ഡലം</u> :- മെഗാ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പള്ളാത്തുരുത്തിയിലും തോട്ടപ്പള്ളിയിലും ഹൗസ് ബോട്ട് ടെർമിനലുകളുടെയും തോട്ടപ്പള്ളിയിൽ ബീച്ച് നവീകരണത്തിന്റെയും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിജയാ പാർക്കിന്റെയും സീവ്യൂ പാർക്കിന്റെയും നവീകരണം പൂർത്തിയായി. അമ്പലപ്പുഴ കുഞ്ചൻ സ്മൃതിമണ്ഡപം നവീകരണം പൂർത്തിയായി. തകഴി സ്മാരക നവീകരണത്തിനുള്ള പദ്ധതി തയ്യാറാക്കി ടെൻഡർ ചെയ്തിരിക്കുകയാണ്.

<u>കുട്ടനാട് മണ്ഡലം</u>:- വട്ടക്കായലിൽ വഞ്ചിവീടുകളുടെ രാത്രികാല സങ്കേതത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കരുമാടി വിളക്ക് മരം രാത്രികാല സങ്കേത നിർമ്മാണത്തിന്റെയും കഞ്ഞിപ്പാടം, നെടുമുടി എന്നീ പ്രദേശങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകളുടെയും വട്ടകായലിൽ എസ്.ടി.പി.യുടെയും നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എച്ച്. ബ്ലോക്ക് കായലിൽ എസ്.ടി.പി.യുടെ പണി പൂർത്തിയായിട്ടുണ്ട്.

<u>മാവേലിക്കര മണ്ഡലം</u>:- മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി വയ്യാങ്കരച്ചിറ

യിൽ മെക്രോ ഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ചെങ്ങന്നൂർ മണ്ഡലം:-** മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി കുതിരവട്ടംചിറയിൽ മെക്രോ ഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. പാണ്ടനാട് ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കി വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ടെൻഡർ ചെയ്തിരിക്കുകയാണ്.

**കായംകുളം മണ്ഡലം:-** ഹൗസ് ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ഹരിപ്പാട് മണ്ഡലം** :- കുമാരകോടിയിൽ കുമാരനാശാൻ സ്മാരകത്തോടു ചേർന്ന് ലിറ്ററി ടൂറിസം ഡെസ്റ്റിനേഷൻ സ്ഥാപിക്കുന്ന പദ്ധതിയും ചുണ്ടൻ വള്ളങ്ങളുടേയും വള്ളപ്പുരകളുടേയും നവീകരണത്തിനായുള്ള പദ്ധതിയും പ്രാരംഭ ഘട്ടത്തിലാണ്.

| | | | |
|---|---|---|---|
| (ബി) | മാവേലിക്കര വെട്ടിക്കോട്ട് ചാൽ നവീകരണവുമായി ബന്ധപ്പെട്ട് എം.എൽ.എ. നൽകിയ വിശദമായ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ഇതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ; | (ബി) | പരിശോധിക്കുന്നതാണ് |
| (സി) | 2014-15 വർഷത്തിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുവാനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | 2014-15 വർഷത്തിൽ മാവേലിക്കര മണ്ഡലത്തിൽ പുതിയ പദ്ധതികളൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ